"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അക്കാദമികം - സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് കോളേജുകൾ - അഞ്ചൽ, സെന്റ് ജോസഫ്സ് കോളേജ് ഓഫ് നേഴ്സിംഗിൽ ബി.എസ്.സി നേഴ്സിംഗ് കോഴ്സ് നടത്തുന്നതിനായി ലെറ്റർ ഓഫ് പെർമിഷൻ അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ.(കൈ) നം.156/2024/H&FWD തീയതി,തിരുവനന്തപുരം, 17-07-2024

---

പരാമർശം:-

1. 24.07.2002 തീയതിയിലെ 31898/സി3/01/ആ.കു.വ നമ്പർ സർക്കാർ നിരാക്ഷേപ സാക്ഷ്യപത്രം.
2. സ.ഉ(അ) നം.64/2012/ആ.കു.വ തീയതി 17.02.2012.
3. കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല രജിസ്ട്രാറുടെ 17.04.2023 തീയതിയിലെ യു.ഒ.നം.29507/എ.സി.2/എൻ.എസ്.ജി/എ3/കെ.യു.എച്ച്.എസ്/2022 നമ്പർ അഫിലിയേഷൻ
4. കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 31.05.2023 തീയതിയിലെ ജി.11575/03/എൻ.സി നമ്പർ ഉത്തരവ്.
5. ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ 12.07.2023 തീയതിയിലെ 18-16/2145 നമ്പർ സ്യൂട്ടബിലിറ്റി.
6. അഞ്ചൽ സെന്റ് ജോസഫ്സ് നേഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച 17.02.2024 തീയതിയിലെ അപേക്ഷ.

**ഉത്തരവ്**

കൊല്ലം അഞ്ചൽ, സെന്റ് ജോസഫ്സ് ആശുപത്രിയോടനുബന്ധമായി സെന്റ് ജോസഫ്സ് കോളേജ് ഓഫ് നേഴ്സിംഗ് എന്ന പേരിൽ നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനായി പരാമർശം (1) പ്രകാരം സർക്കാർ നിരാക്ഷേപ പത്രം നൽകിയിരുന്നു. യഥാക്രമം, പരാമർശം (3), (4), (5) ഇവ പ്രകാരം കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ എന്നീ സ്ഥാപനങ്ങളുടെ അനുമതിയും കോളേജിന് ലഭ്യമായിട്ടുണ്ട്. തുടർന്ന്, ബി.എസ്.സി നേഴ്സിംഗ് കോഴ്സ് നടത്തുന്നതിനായി ലെറ്റർ ഓഫ് പെർമിഷൻ ആവശ്യപ്പെട്ട് അഞ്ചൽ സെന്റ് ജോസഫ്സ് നേഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലെറ്റർ ഓഫ് പെർമിഷൻ അനുവദിക്കുന്നതിനാവശ്യമായ എല്ലാ നിബന്ധനകളും പാലിച്ചിട്ടുള്ളതിനാൽ കൊല്ലം അഞ്ചൽ സെന്റ് ജോസഫ്സ് കോളേജ് ഓഫ് നേഴ്സിംഗ്-ന് ബി.എസ്.സി നേഴ്സിംഗ് കോഴ്സ് നടത്തുന്നതിനായി

ലെറ്റർ ഓഫ് പെർമിഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ചിത്ര കെ ദിവാകരൻ

ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പാൾ, സെന്റ് ജോസഫ്സ് നഴ്സിംഗ് കോളേജ്, അഞ്ചൽ, കൊല്ലം - 691 306.

സെക്രട്ടറി ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, 8-ാം നില, എൻ.ബി.സി.സി സെന്റർ, പ്ലോട്ട് നം.2, കമ്മ്യൂണിറ്റി സെന്റർ, ഓഖ്ല ഫേസ്-1, ന്യൂ ഡൽഹി - 110020.

രജിസ്ട്രാർ, കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല, തൃശ്ശൂർ.

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Prijith. G

Date: 17-07-2024 14:37:56

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.